# കേരള നിയമസഭാ സെക്രട്ടേറിയറ്റ്

## 2018-ലെ കേരള മെട്രോ പോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി ബിൽ സംബന്ധിച്ച സെലക്ട് കമ്മിറ്റി ചോദ്യാവലി

കൊച്ചി മെട്രോ റെയിൽ അനുവദിച്ചപ്പോൾ കേന്ദ്ര സർക്കാർ, കേരള സർക്കാർ, കെ.എം.ആർ.എൽ. എന്നിവ ചേർന്ന് ഒപ്പുവച്ച ത്രികക്ഷി കരാറുപ്രകാരം യന്ത്രേതര ഗതാഗത സംവിധാനമുൾപ്പെടെയുള്ള വിവിധ ഗതാഗത സംവിധാനങ്ങളുടെ ഏകോപനം, ഏകീകൃത ടിക്കറ്റിംഗ് സംവിധാനം, സ്വയം പ്രേരിത യാത്രാ നിരക്ക് പരിഷ്കരണം, ബസ് ഗതാഗത നവീകരണം, പാർക്കിംഗ് പോളിസി, ഇൻറലിജന്റ് ട്രാൻസ്പോർട്ട് സംവിധാനമൊരുക്കൽ തുടങ്ങി നഗരഗതാഗതത്തിന്റെ സമഗ്രമായ ആസൂത്രണവും മേൽനോട്ടവും ഏകോപനവും കേരള സർക്കാർ ഉറപ്പു വരുത്തണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതുകൊണ്ടും 2017-ലെ മെട്രോ റെയിൽ പോളിസി പ്രകാരം മെട്രോ റെയിൽ പദ്ധതിയുള്ള നഗരത്തിൽ യൂണിഫൈഡ് മെട്രോ പോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി രൂപീകരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതിനാലും അടിയന്തിരമായി കേരള മെട്രോ പോളിറ്റൻ അതോറിറ്റി രൂപീകരിക്കുക എന്ന ഉദ്ദേശത്തോടെയാണ് 2018-ലെ കേരള മെട്രോ പോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി ബിൽ രൂപപ്പെടുത്തിയത്. പ്രസ്തുത ബിൽ പതിനാലാം കേരള നിയമസഭയുടെ 103-ാം നമ്പർ ബില്ലായി 14.2.2018 ലെ അസാധാരണ ഗസറ്റായി പ്രസിദ്ധീകരിക്കുകയുണ്ടായി. 2018 ഡിസംബർ 11-ാം തീയതി ബഹു.ഗതാഗത വകുപ്പു മന്ത്രി ശ്രീ.എ.കെ.ശശീന്ദ്രൻ ബിൽ സഭയിൽ അവതരിപ്പിക്കുകയും ഇന്ത്യയിൽ മറ്റൊരു സംസ്ഥാനത്തും ഈ വിഷയത്തിൽ സമഗ്രമായ ഒരു നിയമം നിലവിലില്ലെന്നതും വിവിധ വകുപ്പുകൾ കൈകാര്യം ചെയ്തിരുന്ന മേഖലകൾ ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിന്റെ സങ്കീർണ്ണതയും കണക്കിലെടുത്ത് ഈ ബിൽ സംബന്ധിച്ച് സൂക്ഷ്മ പഠനം നടത്തുന്നതിനായി 15 അംഗങ്ങൾ അടങ്ങുന്ന ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയക്കാൻ സഭ തീരുമാനിക്കുകയും ചെയ്തു. പ്രസ്തുത ബിൽ ഇപ്പോൾ സെലക്ട് കമ്മിറ്റിയുടെ പരിഗണനയിലാണ്. ബില്ലിലെ വ്യവസ്ഥകൾ കൂടുതൽ സമഗ്രവും കാര്യക്ഷമവും പ്രായോഗികവും ആക്കുന്നതിന് സമൂഹത്തിന്റെ എല്ലാ തട്ടുകളിലുമുള്ള വ്യക്തികളിൽ നിന്നും സംഘടനകളിൽ നിന്നും അഭിപ്രായങ്ങൾ സ്വരൂപിക്കുവാൻ സമിതി ആഗ്രഹിക്കുന്നു. ആയതിലേക്ക് ഒരു ചോദ്യാവലി ചുവടെ ചേർക്കുന്നു. ഈ വിഷയത്തിൽ പ്രതികരണവും ഈ ബില്ലിൽ പുതുതായി ചേർക്കാൻ വിട്ടു പോയതായി കരുതുന്ന നിർദ്ദേശങ്ങളും പ്രതീക്ഷിക്കുന്നു.

1. മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി രൂപീകരിക്കുന്നതു വഴി വിവിധ വകുപ്പുകളുടെ ഏകോപനം സാദ്ധ്യമാകുമെന്നു കരുതുന്നുണ്ടോ ?

2. ബില്ലിലെ 3-ാം വകുപ്പിൽ ഓരോ അർബൻ മൊബിലിറ്റി പ്രദേശത്തിനും വേണ്ടി ഓരോ മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി രൂപീകരിക്കാൻ വ്യവസ്ഥ ചെയ്യുന്നു. താങ്കളുടെ അഭിപ്രായത്തിൽ കേരള സംസ്ഥാന മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി രൂപീകരിക്കുകയും അതിനുകീഴിൽ മേഖലാടിസ്ഥാനത്തിൽ ഉപഅതോറിറ്റികൾ രൂപീകരിക്കുന്നതാണോ ബില്ലിൽ വ്യവസ്ഥ ചെയ്യുന്നതു പോലെ പ്രത്യേകം പ്രത്യേകം ട്രാൻസ്പോർട്ട് അതോറിറ്റികൾ രൂപീകരിക്കുന്നതാണോ അഭികാമ്യം ?

3. മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റിയുടെ ചെയർമാൻ ഗതാഗതവകുപ്പ് മന്ത്രിയോ ചീഫ് സെക്രട്ടറിയോ ആകുന്നതാണ് ഉചിതമെന്ന് താങ്കൾ കരുതുന്നുണ്ടോ ?

4. നഗരഗതാഗത ആസൂത്രണവും ഏകോപനവും അതോറിറ്റിയുടെ ഉത്തരവാദിത്തത്തിൽ പെടുമെന്നതിനാൽ തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി എക്സ്-ഒഫീഷ്യോ അംഗമായിരിക്കേണ്ടതുണ്ടോ ?

5. 11-ാം വകുപ്പിൽ കോർപ്പറേഷൻ പ്രദേശമോ അല്ലെങ്കിൽ സർക്കാർ വിജ്ഞാപനം ചെയ്യുന്ന പ്രദേശമോ ആയിരിക്കും അർബൻ മൊബിലിറ്റി പ്രദേശം എന്നതിനാൽ 3 (എച്ച്) വകുപ്പിലെ മുനിസിപ്പൽ കോർപ്പറേഷനുകളുടെ അല്ലെങ്കിൽ മുനിസിപ്പാലിറ്റിയുടെ സെക്രട്ടറിമാർ എന്നതിനുപകരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിമാർ എന്ന് ഭേദഗതി ചെയ്യണമെന്ന് താങ്കൾ കരുതുന്നുണ്ടോ ?

6. മാസ് റാപിഡ് ട്രാൻസിറ്റ് സിസ്റ്റം എന്നതിനുള്ള നിർവ്വചനം ബില്ലിൽ ഉൾപ്പെടുത്തണമെന്ന് കരുതുന്നുണ്ടോ ?

7. പ്രത്യേക മേഖലകളിൽ വിദഗ്ധരായി എന്നത് നാമനിർദ്ദേശം ചെയ്യപ്പെടുന്നതിനുള്ള യോഗ്യത സംബന്ധിച്ച് ബില്ലിൽ വ്യവസ്ഥ ചെയ്യണമെന്ന് താങ്കൾ കരുതുന്നുണ്ടോ ?

8. ചെയർപേഴ്സന്റെയും മറ്റ് അംഗങ്ങളുടെയും ഔദ്യോഗിക കാലാവധി സംബന്ധിച്ച് ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്യുന്നതിനു പകരം നിയമത്തിൽ അതു സംബന്ധിച്ച വ്യവസ്ഥ ചെയ്യുന്നത് സംബന്ധിച്ച അഭിപ്രായമെന്താണ്?

9. അംഗങ്ങളുടെ രാജി സംബന്ധിച്ച 6-ാം വകുപ്പിൽ, ചെയർപേഴ്സൺ രാജി വയ്ക്കുന്നതു സംബന്ധിച്ചും വ്യവസ്ഥ ചെയ്യേണ്ടതുണ്ടോ ?

10. പൊതുജനങ്ങൾക്ക് സൗകര്യപ്രദമാകത്തക്ക വിധത്തിൽ റെയിൽ, മെട്രോപോളിറ്റൻ, ബസ് തുടങ്ങി വിവിധ യാത്രാമാർഗ്ഗങ്ങൾക്ക് സിംഗിൾ കാർഡ് ഏർപ്പെടുത്തുന്നതു സംബന്ധിച്ച താങ്കളുടെ അഭിപ്രായം വ്യക്തമാക്കുമോ ?

11. ഇ-കാർഡ് സംവിധാനം ഏർപ്പെടുത്തുന്നത് ടൂറിസം രംഗത്ത് ഉപയോഗപ്രദമാകുമെന്ന് കരുതുന്നുണ്ടോ ?

12. കാൽനടയാത്രക്കാർക്ക് സുരക്ഷിതമായ യാത്ര ഉറപ്പുവരുത്തുന്നത് അതോറിറ്റിയുടെ ഉത്തരവാദിത്വമാക്കേണ്ടതുണ്ടോ; വീൽചെയർ യാത്രക്കാർക്കായി എന്തെങ്കിലും പ്രത്യേക സംവിധാനം അതോറിറ്റി പരിഗണിക്കേണ്ടതുണ്ടെന്നു കരുതുന്നുണ്ടോ ?

13. നഗരഗതാഗതത്തിനുള്ള സ്പീഡ് നിർണ്ണയിക്കാനും ജനങ്ങളുടെ ആവശ്യകതയനുസരിച്ച് ഷെഡ്യൂൾ പുനഃക്രമീകരിക്കുന്നതിനുമുള്ള ചുമതല അതോറിറ്റിക്ക് നൽകേണ്ടതുണ്ടോ ?

14. പൊതുഗതാഗതം സാർവ്വദേശീയമാക്കുന്നത് സംബന്ധിച്ച് താങ്കളുടെ അഭിപ്രായം എന്താണ്?

15.ഒരു വീട്ടിൽത്തന്നെ ഒന്നിലധികം വാഹനങ്ങൾ ഉള്ളതും ഒരാൾക്കുമാത്രമായി ഒരുവാഹനം ഉപയോഗിക്കപ്പെടുന്നതുമായ സ്ഥിതിവിശേഷം ആശാസ്യമാണെന്ന് കരുതുന്നുണ്ടോ ?

16.കേരളത്തെപ്പോലെ ജനസാന്ദ്രത കൂടുതലുള്ള ഒരു സംസ്ഥാനത്ത് വാഹന അനുപാതത്തിൽ ഉണ്ടാകുന്ന ഭീമമായ വർദ്ധനവ് മൂലമുണ്ടാകുന്ന സാമൂഹിക പ്രത്യാഘാതങ്ങൾ വിശദമാക്കാമോ ?

17.ജനങ്ങൾ സ്വകാര്യ വാഹനങ്ങൾക്കുപകരം പൊതു ഗതാഗത സംവിധാനത്തെ കൂടുതലായി ആശ്രയിക്കുന്ന സാഹചര്യം സൃഷ്ടിക്കുന്നതിനായി എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ഏർപ്പെടുത്തേണ്ടത്?

18.വാഹനങ്ങളുടെ എണ്ണത്തിലുള്ള വർദ്ധനവ് കാരണമുള്ള പാർക്കിംഗ് പ്രശ്നം കുറച്ചു കൊണ്ടു വരുന്നതിന് പരിഹാരം നിർദ്ദേശിക്കാമോ ?

19.പൊതു ഗതാഗതം കൂടുതൽ വ്യാപകമാക്കുന്നതിനായി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതോടൊപ്പം ജനങ്ങൾ സ്വകാര്യ വാഹനങ്ങൾ ഉപയോഗിക്കുന്ന സാഹചര്യങ്ങൾ നിയമംമൂലം നിയന്ത്രിക്കുന്നത് സംബന്ധിച്ച അഭിപ്രായം എന്താണ്?

20.കൊച്ചിൻ മെട്രോ ഒരു കൗതുകം എന്നു പറയുന്നതിലുപരി ദൈനംദിന ജീവിതത്തിന്റെ ഭാഗമായി മാറിയിട്ടുള്ളതായി കരുതുന്നുണ്ടോ ?

21.കെ.എസ്.ഇ.ബി., വാട്ടർ അതോറിറ്റി, ടെലഫോൺ കമ്പനികൾ തുടങ്ങിയവ പരസ്പര ധാരണ കൂടാതെ റോഡുകൾ വെട്ടിപ്പൊളിക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിനുള്ള ചുമതല അതോറിറ്റിക്ക് നൽകേണ്ടതുണ്ടോ ?

22.പൊതുഗതാഗത സർവ്വീസുകളിൽ വിദ്യാർത്ഥികൾക്ക് നൽകിവരുന്ന കൺസഷൻ തുടർന്നും നൽകാമോ; എങ്കിൽ ഇതുസംബന്ധിച്ച് വ്യവസ്ഥ ചെയ്യുവാൻ അതോറിറ്റിക്ക് അധികാരം നൽകേണ്ടതുണ്ടോ ?

23.അതോറിറ്റി പ്രദേശത്ത് ഗതാഗതം നടത്തുന്ന വാഹനങ്ങളുടെ ഘടന, ജീവനക്കാരുടെ യൂണിഫോം, അർബൻ മൊബിലിറ്റി പ്രദേശത്ത് സർവ്വീസ് നടത്തുന്ന വാഹനങ്ങളുടെ കണ്ടീഷൻ തുടങ്ങിയവ സംബന്ധിച്ച് തീരുമാനമെടുക്കാൻ അതോറിറ്റിക്ക് ഉത്തരവാദിത്വം നൽകേണ്ടതുണ്ടോ ?

24.ഈ നിയമപ്രകാരമുള്ള കുറ്റങ്ങൾക്കുള്ള പിഴ പതിനായിരം രൂപ എന്നത് പര്യാപ്തമാണെന്ന് കരുതുന്നുണ്ടോ ?

25.സ്ത്രീകളുടെയും മുതിർന്ന പൗരന്മാരുടെയും കുട്ടികളുടെയും സുരക്ഷിതത്വം അതോറിറ്റിയുടെ ചുമതലയിൽ പെടുത്തേണ്ടതുണ്ടോ ?

26.Uber പോലുള്ള ഓൺലൈൻ ടാക്സി സർവ്വീസുകൾ അതോറിറ്റിയുടെ പരിധിയിൽ കൊണ്ടുവരേണ്ടതുണ്ടെന്ന് കരുതുന്നുണ്ടോ ?

27.നഗര ഗതാഗത സർവ്വീസുകളിൽ ജലഗതാഗത സർവ്വീസുകൾ ഉൾപ്പെടുത്തേണ്ടതുണ്ടോ ?

28. ഇരുചക്ര ടാക്സികളെയും ഈ നിയമത്തിന്റെ പട്ടിക -2 ൽ ഉൾപ്പെടുത്തേണ്ടതുണ്ടോ ?

29. ഈ ബില്ലിൽ കൂടുതലായി ഏതെങ്കിലും വ്യവസ്ഥകൾ ചേർക്കാനുണ്ടോ; വിശദമാക്കുമോ ?

ഒപ്പ്

പേര്

വിലാസം

2018-ലെ കേരള മെട്രോപോളിറ്റൻ അതോറിറ്റി ബിൽ, ചോദ്യാവലി എന്നിവ niyamasabha.org എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. ഈ വിഷയം സംബന്ധിച്ച താങ്കളുടെ അഭിപ്രായങ്ങൾ നേരിട്ടോ അണ്ടർ സെക്രട്ടറി, നിയമനിർമ്മാണ വിഭാഗം, കേരള നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം-33 എന്ന മേൽവിലാസത്തിൽ തപാലിലോ ഇ-മെയിലായോ ലഭ്യമാക്കേണ്ടതാണ്. e-mail id legislation@niyamasabha.nic.in.

സെക്രട്ടറി.